**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1219** **18-09-2025 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയ്ക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക മന്ത്രി നേതൃത്വം നൽകിയ ലഹരി വിരുദ്ധ യാത്രയുടെ ഭാഗമായി പതിനാല് ജില്ലകളിൽ സംഘടിപ്പിച്ച മിനി മാരത്തോൺ മത്സരത്തിൽ വിജയിച്ച താരങ്ങൾക്ക് മൂന്നു മാസങ്ങൾക്ക് ശേഷവും സമ്മാനത്തുക വിതരണം ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമ്മാനത്തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ലഹരി വിരുദ്ധ സന്ദേശ യാത്രയുടെ ഭാഗമായി ജില്ലകളിൽ സംഘടിപ്പിച്ച മിനി മാരത്തോണിൽ പങ്കെടുത്ത് വിജയിച്ച താരങ്ങൾക്ക് സമ്മാനത്തുക വിതരണം ചെയ്യുന്നതിനു വേണ്ടി 13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കൊച്ചിയിൽ ആരംഭിച്ച പെൺകുട്ടികളുടെ ഫുട്ബോൾ അക്കാദമി കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടി വന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വാടക നൽകുവാൻ സാധിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും, കൊച്ചിയിൽ ആരംഭിച്ച പെൺകുട്ടികളുടെ ഫുട്ബോൾ അക്കാഡമി കെട്ടിടത്തിന്റെ ഉടമയും തമ്മിലുള്ള കരാർ കാലാവധി അവസാനിക്കുകയും, കെട്ടിട ഉടമ കരാർ പുതുക്കി നൽകാത്ത സാഹചര്യത്തിൽ, വനിതാ ഫുട്ബോൾ കായികതാരങ്ങൾക്കായി പനമ്പിള്ളി നഗറിൽ തന്നെ പുതിയൊരു ഹോസ്റ്റൽ കെട്ടിടം കണ്ടെത്തി കായികതാരങ്ങളെ അവിടെ താമസിപ്പിക്കുകയും, അക്കാഡമി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത അക്കാദമിയിൽ മതിയായ പരിശീലകർ ഇല്ലാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത അക്കാഡമിയിൽ പുതിയ ഒരു ഫുട്ബോൾ പരിശീലകയെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | കായിക മേഖലയ്ക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ കായിക മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കായിക മേഖലയ്ക്കുള്ള വിഹിതം വെട്ടിക്കുറച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ